# കേരള സർവകലാശാല

നം. പി.ആർ.114/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

മേയ് 23-ന് ആരംഭിക്കുന്ന മൂന്നും രണ്ടും ഒന്നും വർഷ ബി.കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്-ത്രീമെയിൻ സിസ്റ്റം) പരീക്ഷകൾക്ക് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്ന കേന്ദ്രങ്ങളിലെ മാറ്റം താഴെപ്പറയുന്ന രീതിയിലാണ്:

1.കൊല്ലം എഫ്.എം.എൻ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടിരുന്നവർ, കൊല്ലം ടി.കെ.എം ആർട്സ് & സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ പരീക്ഷ എഴുതണം.

2. പുനലൂർ സെന്റ്. ഗൊരേത്തി/പുനലൂർ കെ.പി.എം.എച്ച്.എസ്.എസ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടിരുന്നവർ പുനലൂർ എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

3. കാര്യവട്ടം ഗവ. കോളേജ്/കാട്ടാക്കട ക്രിസ്ത്യൻ കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ടവർ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ് സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

4. കോട്ടയം എം.സി വർഗീസ് കോളേജ്, ആലപ്പുഴ ലജനത്തുൾ എച്ച്.എസ്.എസ്, കാഞ്ഞിരപ്പള്ളി സെന്റ് ഡൊമനിക്, ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ്, കരിമ്പ ഗവ.എച്ച്.എസ്.എസ്, എച്ച്.എസ്.എസ് വന്നേരി, കണ്ണൂർ നമ്പൂതിരീസ് ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെട്ടിരുന്നവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷ എഴുതണം.

5. ചേർത്തല എസ്.എൻ കോളേജ്, ചേർത്തല സെന്റ്. മൈക്കൽസ് കോളേജ് എന്നീ പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19; സ്പോർട്സ് ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ 2018-19 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം സ്പോർട്സിലെ മികവ് തെളിയിക്കുന്ന രേഖകളുടെ പകർപ്പുകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. വിദ്യാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ കോളേജുകളിൽ അപേക്ഷകൾ സമർപ്പിക്കാം. ഇതിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷയുടെ അവസാന തീയതിക്ക് മുൻപ് അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കണം. രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാന തീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-19; കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ ബിരുദ കോഴ്സുകളിൽ 2018-19 അദ്ധ്യയന വർഷത്തിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഏകജാലക സംവിധാനം വഴി സമർപ്പിച്ച അപേക്ഷയുടെ ഒരു പകർപ്പും, അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം. എയ്ഡഡ് കോളേജുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഇത്തരം സീറ്റുകളിലേയ്ക്ക് അപേക്ഷിക്കാം. മെറിറ്റ് അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതും, ശേഷം പ്രവേശനം നടത്തുന്നതും ബന്ധപ്പെട്ട കോളേജുകളിൽ ആയതിനാൽ അപേക്ഷകൾ സർവകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷയുടെ അവസാന തീയതിക്ക് മുൻപ് അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ രജിസ്ട്രേഷന്റെ അവസാനതീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.എഡ് കോഴ്സ്

കേരള സർവകലാശാലയുടെ കീഴിലുള്ള ട്രെയിനിങ് കോളേജുകളിൽ (സർക്കാർ/എയഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ) 2018-19 അദ്ധ്യയന വർഷത്തെ ദ്വിവത്സര ബി.എഡ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ ഏഴ്. ജൂൺ 16-ന് റങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ജൂൺ 23-ന് അഭിമുഖം/അഡ്മിഷൻ നടത്തുകയും ജൂലൈ 02-ന് ക്ലാസുകൾ ആരംഭിക്കുകയും ചെയ്യും. വിശദവിവരങ്ങളും പ്രോസ്പെക്ടസും വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിൽ ലഭിക്കും.

## എം.എഡ് കോഴ്സ്

കേരള സർവകലാശാലയുടെ കീഴിലുള്ള ട്രെയിനിങ് കോളേജുകളിൽ (സർക്കാർ/എയഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ) 2018-19 അധ്യയന വർഷത്തെ എം.എഡ് കോഴ്സിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ ഏഴ്. ജൂൺ 16-ന് റങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ജൂൺ 23-ന് അഭിമുഖം/അഡ്മിഷൻ നടത്തുകയും ജൂലൈ 02-ന് ക്ലാസുകൾ ആരംഭിക്കുകയും ചെയ്യും. വിശദവിവരങ്ങളും പ്രോസ്പെക്ടസും വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിൽ ലഭിക്കും.

## എം.ബി.എ, ബി.എം-എം.എ.എം പരീക്ഷ

ജൂണിൽ ആരംഭിക്കുന്ന ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പഞ്ചവത്സര എം.ബി.എ (ഇന്റഗ്രേറ്റഡ്)/ബി.എം-എം.എ.എം പരീക്ഷകൾക്ക് പിഴകൂടാതെ മേയ് 26, 50 രൂപ പിഴയോടെ മേയ് 30, 125 രൂപ പിഴയോടെ ജൂൺ രണ്ട് വരെ ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2018

കൊല്ലം ശങ്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി ആന്റ് മാനേജ്മെന്റിൽ (സ്വാശ്രയ) ബി.എസ്സി കെമിസ്ട്രി (30 സീറ്റ്), ഫിസിക്സ് (30 സീറ്റ്) എന്നീ കോഴ്സുകൾ അനുവദിച്ചിരിക്കുന്നു. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. നിലവിൽ അപേക്ഷ

സമർപ്പിച്ചു കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ ഓപ്ഷനായി ഈ കോഴ്സുകൾ ചേർക്കാം. ഒരു വിദ്യാർത്ഥിക്ക് ആകെ 20 ഓപ്ഷനുകൾ നൽകുവാൻ കഴിയും.

## ബി.ടെക് ടൈംടേബിൾ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിലെ മേയ് 30-ന് ആരംഭിക്കുന്ന കംബൈൻഡ് ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (2013 സ്കീം - റഗുലർ-2017 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി-2016 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വൈവ പരീക്ഷ

നാലാം സെമസ്റ്റർ എം.എ ഇസ്ലാമിക് ഹിസ്റ്ററി (സി.എസ്.എസ് പ്രോഗ്രാം) (2016 -2018 ബാച്ച്) വിദ്യാർത്ഥികളുടെ വൈവ പരീക്ഷ ഇസ്ലാമിക് പഠനവകുപ്പിൽ വച്ച് ജൂൺ ആറിന് രാവിലെ 10 മണിക്ക് നടത്തും. എല്ലാ വിദ്യാർത്ഥികളും ഹാൾടിക്കറ്റുമായി രാവിലെ 9.30-ന് പഠനവകുപ്പിൽ എത്തിച്ചേരണം.

## പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പേറ്റന്റ് ലോ പരീക്ഷ

മേയ് 28-ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പേറ്റന്റ് ലോ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ശ്രീ സ്വാതിതിരുനാൾ ഗവൺമെന്റ് മ്യൂസിക് കോളേജിലെ ഒന്നാം വർഷ ബി.പി.എ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷാ ഫോറം കോളേജിൽ ജൂൺ എട്ടിന് വൈകുന്നേരം 4.30-വരെ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി, ബി.കോം, ബി.എഫ്.എ പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ശ്രീകാര്യം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്), അടൂർ,മണക്കാല ബിഷപ്പ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയേർഡ് എന്നീ കോളേജുകളിലെ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (HI), ബി.കോം (HI), ബി.എഫ്.എ (HI) കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള അപേക്ഷാഫോറം ജൂൺ 22-വരെ കോളേജുകളിൽ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

ഒന്നാം സെമസ്റ്റർ എം.ബി.എ - 2014 സ്കീം ഫുൾടൈം, യു.ഐ.എം, ഈവനിംഗ് (റഗുലർ) ട്രാവൽ & ടൂറിസം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് ഓൺലൈൻ രജിസ്ട്രേഷൻ

2008 സ്കീം ബി.ആർക്ക് കമ്പെയിൻഡ് ഒന്ന്, രണ്ട്, നാല്, ആറ്, എട്ട്, ഒൻപത് സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## യു.ജി.സി/ജെ.ആർ.എഫ്/നെറ്റ് പരീക്ഷാ പരിശീലന ക്ലാസ്സ്

തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ യു.ജി.സി/ജെ.ആർ.എഫ്/നെറ്റ് പരീക്ഷകളുടെ ജനറൽ പേപ്പറിന് മേയ് 31 മുതൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, സ്റ്റുഡൻസ് സെന്റർ, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം-33, എന്ന വിലാസത്തിൽ ബന്ധപ്പെടുക, ഫോൺ-0471-2304577.

തിരുവനന്തപുരം.
21.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098